(സി) ആലപ്പുഴ ജില്ലാ പഞ്ചായത്തിൽ ഫിനാൻസ് ഓഫീസറായി സേവനമനുഷ്ഠിക്കുന്ന ശ്രീ. എസ്.വി. കമ്മീഷൻ വിജിലൻസ് കേസ് നേരിടുന്നുണ്ടെങ്കിലും ടിയാൻ ഫിനാൻസ് ഓഫീസർ തസ്തികയിൽ ജോലിയിൽ തുടരുന്നുണ്ട്. വിജിലൻസിൽനിന്ന് അറിയിപ്പ് കിട്ടിയ മുറയ്ക്ക് ടിയാനെ സസ്പെൻഡ് ചെയ്യാനും ടി തസ്തികയിൽനിന്ന് റിവേർട്ട് ചെയ്യാനും പൊതുഭരണ വകുപ്പിനോട് ധനകാര്യ വകുപ്പ് ആവശ്യപ്പെട്ടിരുന്നു. എന്നാൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടിയാൻ ആലപ്പുഴ ജില്ലാ പഞ്ചായത്തിൽ ഫിനാൻസ് ഓഫീസർ തസ്തികയിൽ തുടർന്നുവരികയാണ്. കൂടാതെ 5 വർഷ കാലാവധി പൂർത്തിയാക്കിയെങ്കിലും ചട്ടം 140 (സി) ഭാഗം I KSR.-ൽ ഇളവു വരുത്തി ടിയാന് പുതിയ ഫിനാൻസ് ഓഫീസർ ചാർജ് ഏറ്റെടുക്കുന്നതുവരെ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ അധികചുമതലകൂടി നൽകി തൽസ്ഥാനത്തു തുടരാൻ തദ്ദേശ സ്വയംഭരണ വകുപ്പ് ഉത്തരവ് നൽകിയിട്ടുണ്ട്.

ഡെപ്യൂട്ടേഷൻ വ്യവസ്ഥകളിലെ ഭേദഗതി

148 (T6599) ശ്രീ. എം. വി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാരുടെ ഡെപ്യൂട്ടേഷൻ സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ 11-10-2013-ലെ 515/13/ഫിൻ. നമ്പർ സർക്കാർ ഉത്തരവിലെ രണ്ടാം ഖണ്ഡികയിലെ ബി,സി,ഡി വിഭാഗങ്ങൾമൂലം ഡെപ്യൂട്ടേഷന് തടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഡെപ്യൂട്ടേഷനിൽ പോകുന്ന ഒഴിവുകൾ നികത്തുന്നതിന് അനുമതി നൽകുന്ന വിധം ഉത്തരവ് പരിഷ്കരിക്കുമോ ;

(സി) ഡെപ്യൂട്ടേഷൻ വ്യവസ്ഥകളിൽ ഭേദഗതി വരുത്തിയ ഉത്തരവ് പുനഃപരിശോധിക്കുമോ : വിശദമാക്കുമോ ?

ഉത്തരം

(എ-സി) ശ്രദ്ധയിൽപ്പെട്ടിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ജീവനക്കാരുടെ ഡെപ്യൂട്ടേഷൻ സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ 11-10-2013-ലെ 515/13/ഫിൻ നമ്പർ സർക്കാർ ഉത്തരവിലെ രണ്ടാം ഖണ്ഡികയിലെ ബി വിഭാഗം ഒഴിവാക്കുകയും സി, ഡി വിഭാഗങ്ങൾ ഭേദഗതി വരുത്തുകയും (28-11-2013-ലെ സ.ഉ. (പി)നമ്പർ 580/2013/ധന. പ്രകാരം) ചെയ്തിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

'T' ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly